ഫ്യൂച്ചർകേരള

Edition: Kerala
Date: 18 – 04 - 2017
Page No: 06

THOUGHT FACTORY
REDEFINING PEOPLE RELATIONS

# ചാനൽ പരസ്യങ്ങൾ പ്രേക്ഷകരിലേക്ക് എത്താൻ സംവിധാനം

**കൊച്ചി:** ടിവി ചാനൽ പരസ്യങ്ങൾ ഏറ്റവും അനുയോജ്യമായ പ്രേക്ഷകരുള്ള സമയത്ത് ഉപഭോക്താക്കളിലേക്ക് എങ്ങനെ എത്തിക്കാം എന്ന പരസ്യ കമ്പനികളുടെ ഗവേഷണങ്ങൾക്ക് പരിഹാരവുമായി ബെംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന ഷുവർവേവ് മീഡിയാടെക് രംഗത്ത്. തങ്ങളുടെ സ്കൈനെറ്റ് എന്ന സോഫ്റ്റ്‌വെയർ സംവിധാനം വഴിയാണ് അനുയോജ്യമായ ഉൽപ്പന്നങ്ങൾക്ക് അനുയോജ്യരായ പ്രേക്ഷകരുള്ള പരിപാടികൾ, സമയക്രമം തുടങ്ങിയവ തെരഞ്ഞെടുക്കുവാൻ പരസ്യ കമ്പനികൾക്കും വിതരണക്കാർക്കും ഷുവർനെറ്റ് വഴിയൊരുക്കുന്നത്.

പരസ്യപ്രചാരണ പരിപാടികളിൽ കുറഞ്ഞുംകൂടിയും വരുന്നപ്രേക്ഷക സാന്നിധ്യം കണ്ടെത്താൻ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിൽ ഇന്ത്യയുടെ ഡാറ്റകളുടെ സഹായമാണ് സ്കൈനെറ്റ് ഉപയോഗിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ പരസ്യ കാംപയിനുകൾ ചെയ്യുമ്പോൾ കമ്പനികൾക്ക് തങ്ങൾ യഥാർത്ഥ പ്രേക്ഷകരിലേക്ക് എത്തുന്നുണ്ടോ എന്ന് കണ്ടെത്താനും പുതിയ സോഫ്റ്റ്‌വെയർ സഹായിക്കും.

ശാസ്ത്രസാങ്കേതിക മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നോളജി ഡെവലപ്മെന്റ് ബോർഡ് പിന്തുണ ഷുവർവേവ് മീഡിയാടെകിന് ഉണ്ട്. ഇപ്പോൾ 40 തോളം ടെക്നോളജി പേറ്റന്റുകൾ സ്വന്തമായിട്ടുണ്ടെന്നും സ്കൈനെറ്റ് സംവിധാനം പരമ്പരാഗത ടെലിവിഷൻ ചാനലുകളിലേക്ക് പരസ്യപ്രവാഹം സൃഷ്ടിക്കുമെന്നും കമ്പനിയുടെ സ്ഥാപക ചെയർമാൻ രാജേന്ദ്രകുമാർ ഖരെ പറഞ്ഞു.

**പരസ്യപ്രചാരണ പരിപാടികളിൽ കുറഞ്ഞും കൂടിയും വരുന്ന പ്രേക്ഷക സാന്നിധ്യം കണ്ടെത്താൻ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിൽ ഇന്ത്യയുടെ ഡാറ്റകളുടെ സഹായമാണ് സ്കൈനെറ്റ് ഉപയോഗിക്കുന്നത്**